**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 67** **08-08-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ ഹോസ്പിറ്റൽ ബിൽ നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | മെഡിക്കൽ സർട്ടിഫിക്കറ്റിൽ ചെലവായ തുക 1,00,000/- (ഒരു ലക്ഷം) രൂപയ്ക്ക് മുകളിൽ രേഖപ്പെടുത്തുന്ന കേസുകളിൽ അപേക്ഷകർക്ക് അർഹമായ തുക ലഭിക്കുന്നതിന് മെഡിക്കൽ ബില്ലുകൾ, ചികിത്സാ രേഖകൾ/ഡിസ്ചാർജ് സമ്മറി എന്നിവ സമർപ്പിക്കേണ്ടതാണെന്ന് 08.05.2023-ലെ REV-DRF-A1/55/2023/REV നം. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ചികിത്സ രേഖകൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് 28/06/2022 -ലെ REV-DRF-A1/48/2022/REV നം. സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.) |
| (ബി) | ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ ചികിത്സയിൽ കഴിയുന്നവരും എന്നാൽ ചികിത്സക്കും മറ്റ് പരിശോധനകൾക്കുമായി വളരെയധികം തുക ചെലവാക്കുന്ന രോഗികൾക്ക് ബിൽ ഇല്ല എന്ന കാരണത്താൽ വില്ലേജ് ഓഫീസർമാർ ചികിത്സാ സഹായത്തിനുള്ള അപേക്ഷ നിരസിക്കുന്നത് സാധാരണക്കാരെ വലിയ രീതിയിൽ ബാധിക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വില്ലേജ് ഓഫീസർക്ക് അപേക്ഷ നിരസിക്കുവാനുള്ള അധികാരം ഇല്ലാത്തതാകുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-
മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം.REV-DRF-A1/48/2022-REV

റവന്യൂ (ഡി .ആർ.എഫ്-എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28-06-2022

**<u>സർക്കുലർ</u>**

വിഷയം: റവ- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ഉള്ളടക്കം ചെയ്യുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് സംബന്ധിച്ച്

സൂചന: 1) 02.02.2022- ലെ സ.ഉ (സാധാ) നം. 481/2022/റവ ഉത്തരവ്
2) ആരോഗ്യ വകുപ്പിൽ നിന്നുള്ള 25.06.2022 ലെ എം2/234/2022-HEALTH നമ്പർ കത്ത്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ഉള്ളടക്കം ചെയ്യേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ് എപ്രകാരമാണ് ഡോക്ടർമാർ നൽകേണ്ടത് എന്നത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് മാർഗനിർദ്ദേശം നൽകിയിരുന്നു. ആയത് താഴെ ചേർക്കുന്നു(ക്രമ നമ്പർ 1)**.** ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന മാനദണ്ഡ പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും രേഖകളും അപേക്ഷകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വില്ലേജ് ഓഫീസർ,തഹസീൽദാർ, ജില്ലാ കളക്ടർ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്**.**

1. a) ചികിത്സിക്കുന്ന ഡോക്ടർമാർ തന്നെയായിരിക്കണം മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകേണ്ടത്. ചികിത്സയ്ക്ക് ചെലവഴിച്ച തുകയും, തുടർചികിത്സയ്ക്ക് ആവശ്യമായ തുകയും വ്യക്തമായ പരിശോധനയ്ക്കുശേഷമാണ് രേഖപ്പെടുത്തേണ്ടത്.

b) ഓരോ ചികിത്സാ വിഭാഗത്തിൽപ്പെടുന്ന ഡോക്ടർമാരും അവരുടെ ചികിത്സാ വിഭാഗവുമായി ബന്ധപ്പെട്ട രോഗങ്ങളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ആകണം നൽകേണ്ടത്.

c) തന്റെ ചികിത്സയിലിരിക്കുന്ന രോഗികൾക്കല്ലാതെ മറ്റാർക്കെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകേണ്ട സാഹചര്യം വരുമ്പോൾ ചികിത്സാ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടശേഷം മാത്രം മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുക.

d) PHC/CHC/FHC എന്നിവിടങ്ങളിൽ നിന്ന് നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റുകളിൽ 5000/- രൂപയ്ക്ക് മുകളിൽ ചികിത്സാ ചെലവായി രേഖപ്പെടുത്തുന്ന ഘട്ടത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിനോടൊപ്പം ചികിത്സാ രേഖകൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

രാരി രാജൻ
സ്പെഷ്യൽ സെക്രട്ടറി

കമ്മീഷണർ , ലാൻഡ് റവന്യൂ , തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

എല്ലാ വില്ലേജ് ഓഫീസർമാർക്കും തഹസീൽദാർമാർക്കും ജില്ലാ കളക്ടർമാർ മുഖേന

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

REV-DRF-A1/55/2023-REV

റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 08-05-2023

## സർക്കുലർ

വിഷയം:- റ വ - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - CMDRF പോർട്ടൽ മുഖേന സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ഉൾക്കൊള്ളിക്കേണ്ടുന്ന രേഖകൾ / വിവരങ്ങൾ സംബന്ധിച്ച്

സൂചന:- 1. G O ( Rt) No.481/2022/RD dtd.02.02.22
2. 28.06.2022 ലെ Rev- DRFA1/48/2022-Rev നമ്പർ സർക്കുലർ

CMDRF പോർട്ടൽ മുഖേന സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ഉൾക്കൊള്ളിക്കേണ്ടുന്ന രേഖകൾ/വിവരങ്ങൾ എന്തൊക്കെയായിരിക്കണം എന്നു നിഷ്കർഷിച്ചുകൊണ്ടു നിരവധി സർക്കുലറുകളും ഓർമ്മക്കുറിപ്പുകളും പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും വളരെ അധികം കേസുകളിൽ ഇവ പാലിക്കപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ വലിയതുക മെഡിക്കൽ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുകയും ആയതിനാധാരമായി ഹോസ്പിറ്റലിൽ നിന്നുള്ള ബില്ലുകളോ treatment details എന്നിവയോ അറ്റാച്ച് ചെയ്യാതെയും അപേക്ഷകൾ വരുന്നുണ്ട്. ആയതിനാൽ ഇത്തരം അപേക്ഷകൾ തിരികെ അയച്ച് വിശദാംശങ്ങൾ വാങ്ങേണ്ട സാഹചര്യം സംജാതമാകുന്നുണ്ട്. ഇത് അർഹതപ്പെട്ട കേസുകളിൽ ധനസഹായം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ ഇത്തരം അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ഹാജരാക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമായും അപേക്ഷ സമർപ്പിക്കുന്ന തീയതിക്ക് 6 മാസത്തിനകം ഉള്ളതായിരിക്കണം.

2. മെഡിക്കൽ സർട്ടിഫിക്കറ്റിൽ ചെലവായ തുക 1,00,000/-- (ഒരു ലക്ഷം) രൂപയ്ക്ക് മുകളിൽ രേഖപ്പെടുത്തുന്ന കേസുകളിൽ നിർബന്ധമായും മെഡിക്കൽ ബില്ലുകൾ,Treatment details / Discharge Summary എന്നിവയും സമർപ്പിക്കേണ്ടതാണ്.

3. മെഡിക്കൽ സർട്ടിഫിക്കറ്റിൽ IP/OP number with date ഉണ്ടായിരിക്കണം.

4. അപകടമരണ കേസുകളിൽ മരണപ്പെടുന്ന സ്ത്രീ 18 വയസ്സിനും പുരുഷൻ 21 വയസ്സിനും മുകളിലുള്ളതാണെങ്കിൽ Marital status കൂടി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. അപേക്ഷയിൽ, അപേക്ഷകന്റെ/നോമിനിയുടെ ഫോൺ നമ്പർ, അപേക്ഷകന്റെ/രോഗിയുടെ പേര് ഉൾപ്പെടുന്ന റേഷൻകാർഡ് നമ്പർ, ആധാർ കാർഡ് നമ്പർ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ് . Duplication കണ്ടെത്തുന്നതിന് ആയത് അത്യാവശ്യമാണ്.

മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ഉത്തരവിൻ പ്രകാരം,

രാരി രാജൻ
സ്പെഷ്യൽ സെക്രട്ടറി

സെക്ഷൻ ഓഫീസർ.

പകർപ്പ്

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം,
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, സി ഡിറ്റ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി.ആർ.എഫ് - ബി, സി ) വകുപ്പുകൾക്ക്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി